# പരിസരപഠനം

## ENVIRONMENTAL SCIENCE

# എന്റെ നോട്ട് ബുക്ക്

## സ്വാതന്ത്ര്യത്തിലേക്ക്

## THE ROAD TO INDEPENDENCE

GLPS OLASSA

CLASS 4



# ശരിയായ ഉത്തരം ഉപയോഗിച്ച് പൂരിപ്പിക്കുക

## FILL IN THE BLANKS USING APPROPRIATE WORDS

1. സത്യഗ്രഹം എന്നാൽ 'സത്യത്തെ മുറുകെ പിടിക്കുക 'എന്നാണ് അർഥം

   Satyagraha means 'holding onto truth'

2. ബ്രിട്ടീഷുകാർ കർഷകരെ നീലം കൃഷി ചെയ്യാൻ നിർബന്ധിച്ചു

   British forced peasants to grow indigo

3. ജാലിയൻ വാലാബാഗ് എന്ന സ്ഥലം പഞ്ചാബിൽ ആണ്

   Jallianwallabagh is a place in Punjab

4. ജാലിയൻ വാലാബാഗ് ദുരന്തം നടന്നത് 1919 ഏപ്രിൽ 13 നാണ്

   The Jallianwallabagh incident took place on13th April 1919

5. സബർമതി ആശ്രമത്തിൽ നിന്നുമാണ് ദണ്ഡിയാത്ര ആരംഭിച്ചത്

   Dandi March started from sabarmathi ashram

6. 'വരിക വരിക സഹജരേ' എന്ന് തുടങ്ങുന്ന ഗാനം എഴുതിയത് അംശി നാരായണപ്പിള്ള

   The patriotic song ' varika varika sahajare' was written by Amshi narayana pilai

7. കേരള ഗാന്ധി എന്നറിയപ്പെടുന്ന വ്യക്തിയാണ് കെ.കേളപ്പൻ

   The person who is known as Kerala Gandhi is K.Kelappan

8. ഉപ്പുനിയമം ലംഘിക്കപ്പെട്ടതോടെ നിയമലംഘന സമരത്തിന് തുടക്കമായി.

   The violation of the salt law marked the beginning of the Civil Disobedience Movement .

9. ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ നിന്നും തിരിച്ചെത്തിയതിന്റെ ഓർമ്മയ്ക്കായി ജനുവരി 9 ഭാരതീയ പ്രവാസി ദിനമായി ആചരിക്കുന്നു.

   January 9 is celebrated as 'Bharatiya Pravasi Day' to commemorate Gandhiji's return from South Africa.

# ശരിയായ ഉത്തരം തിരഞ്ഞെടുത്ത് പൂരിപ്പിക്കുക
## Fill in the blanks choosing the correct answer

1. **ഗാന്ധിജി സൗത്ത് ആഫ്രിക്കയിൽ നിന്നും തിരിച്ചെത്തിയ ദിവസമാണ്.................**

   The day on which Gandhiji came back from South Africa was...........................

   a) 1915 ജനവരി 19 b) 1915 ജനവരി 8 c) 1915 ജനവരി 9

   a) 19th Jan, 1915 b) 8th Jan, 1915 c) 9th Jan, 1915

2. **ബ്രിട്ടീഷുകാർക്കെതിരെ ഗാന്ധിജിയുടെ സമരായുധം ..................... ആയിരുന്നു**

   The tool opted by Gandhiji to protest against the British was...........................

   a) അക്രമം (violence) b) സത്യഗ്രഹം (sathyagraha) c) സഹകരണം (co-operation)

3. **വിദേശവസ്ത്ര ബഹിഷ്കരണം ആരംഭിച്ചത് ........................ ഓടു കൂടിയാണ്**

   Boycott of foreign clothes was done during the .............................................

   a) അഹമ്മദാബാദ് തുണിമില്ല് സമരം b) നിസ്സഹകരണ പ്രസ്ഥാനം c) ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം

   a)Ahmedabad Textile mills Strike b) Non-cooperation Movement c) Quit India Movement

4. **ദണ്ഡിയാത്രയിൽ ഗാന്ധിജിയും അനുയായികളും .........ദൂരം കാൽനടയായി യാത്ര ചെയ്തു**

   Gandhiji and his followers walked a distance of................. during Dandi March

   a) 388 കി.മീ (388 km) b) 838 കി.മീ (838 km) c) 338 കി.മീ (338 km)



**5.** ക്വിറ്റ് ഇന്ത്യാ പ്രമേയം അവതരിപ്പിച്ചത് **..............................** ആണ്

Quit India Resolution was presented by ..................................

a)ഗാന്ധിജി b) സരോജിനി നായിഡു c) ജവഹർലാൽ നെഹ്റു

a) Gandhiji b) Sarojini Naidu c) Jawaharlal Nehru

**6.** ചമ്പാരൻ സത്യഗ്രഹം **....................** വേണ്ടിയുള്ളതായിരുന്നു

The cause that led to the Champaran Sathyagraha was the miserable life of.................................

a) കർഷകർക്ക് b) വിദ്യാർത്ഥികൾക്ക് c) കൈപ്പണിക്കാർക്ക്

a) peasants b) students c) artisans

**7. 1930** മാർച്ച് **12** ന് നടന്ന പ്രധാന സംഭവമാണ് **.........................**

The incident that occured on 12th March, 1930 was the ..........................

a) ദണ്ഡി യാത്ര b) ക്വിറ്റ് ഇന്ത്യാ സമരം c)ജാലിയൻ വാലാബാഗ് കൂട്ടക്കൊല

a) Dandi March b) Quit India protest c) Jallianwallabagh massacre

**8.** ഖേഡാ സത്യാഗ്രഹം മുന്നോട്ടുവച്ച ആവശ്യം **..............................** ആയിരുന്നു

The demand of the Kheda Sathyagraha was to ..........................

a) നികുതി കുറയ്ക്കുക b)വിദേശവസ്ത്രം ഉപേക്ഷിക്കുക c) കർഷകരുടെ കൂലി വർദ്ധന

a) reduce tax b) boycott foreign cloth c) raise the wages of peasants



# കണ്ടെത്തി എഴുതാം

## FIND AND WRITE

1. ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യയിൽ നടന്ന ആദ്യ സംഘടിത കലാപം ഏത് ?വർഷമേത് ?

   Which was the first organized uprising against the British in India? Which year did it take place?

   1721 ലെ ആറ്റിങ്ങൽ കലാപം ( Attingal Rebellion of 1721 )

2. ഒന്നാം സ്വാതന്ത്ര്യ സമരം ആരംഭിച്ച വർഷമേത് ?

   When did the first war of Independence begin?

   1857

3. സ്വാതന്ത്ര്യ സമരചരിത്രത്തിലെ ആദ്യ രക്തസാക്ഷി ആര് ?

   Who is the first martyr in the history of freedom struggle?

   മംഗൾ പാണ്ഡെ ( Mangal Pandey)

4. ഗാന്ധിജിയുടെ ഇന്ത്യയിലെ ആദ്യത്തെ സത്യഗ്രഹസമരം ഏത് ?

   Which was the first Satyagraha Of Gandhi in India?

   ചമ്പാരൻ സത്യഗ്രഹം ( Champaran Satyagraha)

5. ഗാന്ധിജിയുടെ രാഷ്ട്രീയ ഗുരു ആര് ?

   Who is the political guru of Gandhiji ?

   ഗോപാലകൃഷ്ണ ഗോഖലെ (Gopalkrishna Ghokhale)

6. ജാലിയൻ വാലാബാഗ് എന്ന സ്ഥലം എവിടെയാണ് ?

   where is the place called Jallianwallabagh?

   പഞ്ചാബിലെ അമൃത്സർ  ( Amritsar in Punjab)

7. ജാലിയൻവാലാബാഗ് മനുഷ്യക്കുരുതിക്ക് ഉത്തരവിട്ട മൈക്കിൾ ഒ ഡയറിനെ വെടിവെച്ച കൊന്ന ദേശസ്നേഹി ആര് ?

   The patriot who shot  Michael’O dyre  who ordered Jallianwalabagh massacre?

   ഉദ്ദം സിങ് (Udham Singh)

8. ജാലിയൻ വാലാബാഗ് കൂട്ടക്കൊലയ്ക്ക് നേതൃത്വം നൽകിയ ബ്രിട്ടീഷ് ഗവർണർ ആര് ?

   British governor who led the Jallianwallabagh massacre was?

   മൈക്കൾ ഒ ഡയർ ( Michael O Dyer )

9. ആരുടെയൊക്കെ അറസ്റ്റിൽ പ്രതിഷേധിച്ചാണ് ജാലിയൻ വാലാബാഗ് മൈതാനത്ത് ജനങ്ങൾ ഒത്തുകൂടിയത്?

   People gathered at Jallianwalabagh ground to protest against whose arrest ?

   ഡോ.സെയ്ഫുദ്ദീൻ കിച്ചലു (Dr.Saifuddin kichalu) ,ഡോ.സത്യപാൽ (Dr.Sathyapal )

10. ജാലിയൻവാലാബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് തനിക്ക് ലഭിച്ച 'സർ' പദവി ഉപേക്ഷിച്ചതാരാണ് ?

   Who relinquished  the post of ‘sir’  to  protest against the Jallianwalabagh massacre ?

   രബീന്ദ്രനാഥ ടാഗോർ (Rabindranath Tagore )

11. വാഗൺ ട്രാജഡി നടന്ന വർഷമേത് ?

Which year did Wagon Tragedy take place?

1921 നവംബർ 19 (1921 November 19)

12. 1920 ഓഗസ്റ്റ് 18 ന് ഗാന്ധിജി ആദ്യമായി കേരളത്തിൽ എത്തിയത് ഏതു സമരത്തിന്റെ ഭാഗമായാണ് ?

Gandhiji's first visit to kerala on 18th August 1920 as part of which struggle?

നിസ്സഹകരണസമരം ( Non-cooperation movement)

13. നിസ്സഹകരണ പ്രസ്ഥാനം പിൻവലിക്കാൻ കാരണമായ സംഭവമേത് ?

What was the event that led to the withdrawal of Non-cooperation movement?

1922 ലെ ചൗരി ചൗരാ സംഭവം

( Chauri chaura incident of 1922 )

14. ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ എന്നറിയപ്പെടുന്നതാര് ?

Who is known as the 'Iron man of India' ?

സർദ്ദാർ വല്ലഭായി പട്ടേൽ (Sardar Vallabhai Patel)



15.ഗാന്ധിജി എത്രതവണ കേരളം സന്ദർശിച്ചിട്ടുണ്ട് ?

How many times did Gandhiji visit kerala ?

5 തവണ ( 5 times )

16.ഗാന്ധിജിയോടൊപ്പം കേരളം സന്ദർശിച്ച ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നേതാവ് ആരാണ് ?

who was the leader of khilafat movement visited kerala with Gandhiji ?

ഷൗക്കത്തലി (Shoukath Ali )

17.കേരളത്തിൽ ഉപ്പ് സത്യഗ്രഹത്തിന് നേതൃത്വം നൽകിയത് ആര് ?

Who led the salt satyagraha in Kerala ?

കെ കേളപ്പൻ (K.Kelappan )

18.കേരളത്തിൽ ഉപ്പുസത്യഗ്രഹം നടന്ന സ്ഥലം ഏത് ?

Where did the Salt Satyagraha in Kerala take place?

പയ്യന്നൂരിലെ ഉളിയിടത്ത് കടവ് (Uliyidathu kadavu in Payyannoor )

19.വരിക വരിക സഹജരേ എന്നു തുടങ്ങുന്ന സ്വാതന്ത്ര്യ സമരഗാനം എഴുതിയത് ആര് ?

Who wrote the patriotic song  'Varika Varika Sahajare'?

അംശി നാരായണപിള്ള(Amshi Narayanapillai)

20.ഏത് സമരവുമായി ബന്ധപ്പെട്ടെഴുതിയതാണ് 'വരിക വരിക സഹജരേ എന്നുതുടങ്ങുന്ന ഗാനം ?

which struggle is associated with the song "Varika Varika Sahajare" ?

ഉപ്പ് സത്യഗ്രഹ സമരം (Salt satyagraha )

21. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഏത് സമ്മേളനത്തിൽ വച്ചാണ് ക്വിറ്റ് ഇന്ത്യാ പ്രമേയം അവതരിപ്പിച്ചത് ?

The Quit India Resolution was presented during which session of Indian National Congress ?

1942 ലെ ബോംബെ സമ്മേളനത്തിൽ (1942 Bombay Session)

22. ക്വിറ്റ് ഇന്ത്യാ ദിനമായി ആചരിക്കുന്നത് എന്നാണ് ?

Which day is observed as Quit India day?

ആഗസ്റ്റ് 9 (August 9 )

23. ക്വിറ്റ് ഇന്ത്യാ പ്രമേയം അവതരിപ്പിച്ചതാര് ?

Who introduced the Quit India resolution ?

ജവഹർലാൽ നെഹ്റു (Jawaharlal Nehru )

24. ക്വിറ്റ് ഇന്ത്യാ സമര നായകൻ ആര് ?

Who is known as Quit India struggle Hero ?

ജയപ്രകാശ് നാരായൺ (Jaiprakash Narayan)

25. ക്വിറ്റ് ഇന്ത്യാ സമര നായിക ആര് ?

Who is known as Quit India heroine?

അരുണ അസഫ് അലി (Aruna Asaf Ali)



26.സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ രാഷ്ട്രപതിയും ഏറ്റവും കൂടുതൽ കാലം രാഷ്ട്രപതിയായിരുന്ന വ്യക്തിയും ആര് ?

Who was the first president of free India  as well as the longest serving president of India?

ഡോ. രാജേന്ദ്രപ്രസാദ് ( Dr. Rajendraprasad )

27.ബീഹാർ ഗാന്ധി എന്നറിയപ്പെടുന്ന വ്യക്തി ആര്?

Who is known as ‘Bihar Gandhi’ ?

ഡോ. രാജേന്ദ്രപ്രസാദ് (Dr. Rajendraprasad)

28.ഇന്ത്യയുടെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രി ആര് ?

Who was the first  education minister of India?

മൗലാനാ അബ്ദുൾക്കലാം ആസാദ്( Maulana Abdul Kalam Azad)

29.ദേശീയ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നത് ആരുടെ ജന്മദിനമാണ്?

Whose birthday is celebrated as national education day?

മൗലാന അബ്ദുൾക്കലാം ആസാദ് (നവംബർ 11)

Maulana Abdul Kalam Azad( November 11)

30.അതിർത്തി ഗാന്ധി എന്നറിയപ്പെടുന്നതാര് ?

Who is known as ‘frontier Gandhi’?

ഖാൻ അബ്ദുൾഗാഫർ ഖാൻ ( Khan Abdul Gafar Khan)



# ഉത്തരമെഴുതുക

ANSWER THE FOLLOWING QUESTIONS

1. ബ്രിട്ടീഷുകാർക്കെതിരെ ഗാന്ധിജി ഉപയോഗിച്ച രണ്ട് ആയുധങ്ങൾ ഏതെല്ലാം ?

   What are the two weapons used by Gandhiji against the British ?

   സത്യഗ്രഹവും അഹിംസയും (Satyagraha and Non-violence.)

2. ബ്രിട്ടീഷുകാർ ചുമത്തിയ ഉപ്പുനിയമം എന്തായിരുന്നു ?

   What was the Salt law imposed by the British?

   ഇന്ത്യക്കാർ സ്വന്തം കടൽത്തീരത്ത് തയ്യാറാക്കിയ ഉപ്പിന് ബ്രിട്ടീഷുകാർ നികുതി ചുമത്തി. നികുതി അടയ്ക്കാത്തവരെ ജയിലിൽ അടയ്ക്കാം. ഇതാണ് നിയമം

   The British levied taxes on salt which Indians prepared on their own seashores. Those who did not pay taxes could even be imprisoned. This was the law.

3. ഗാന്ധിജി എങ്ങനെയാണ് ഉപ്പ് നിയമം ലംഘിച്ചത് ?

   How did Gandhiji break the Salt law ?

   ഗാന്ധിജിയും അനുയായികളും ദണ്ഡി കടപ്പുറത്തേയ്ക്ക് കാൽ നടയായി എത്തുകയും അവിടെ വച്ച് ഉപ്പ് കുറുക്കുകയും ചെയ്തു.ഇങ്ങനെയാണ് ഉപ്പുനിയമം ലംഘിച്ചത്.

   Gandhiji and his followers marched to Dandi coast and made salt on their own . This way Gandhi broke the Salt law imposed by British.

4. എന്താണ് നിയമലംഘന പ്രസ്ഥാനം ? എപ്പോഴാണ് ഗാന്ധിജി ഇതിന് തുടക്കമിട്ടത് ?

What is the Civil Disobedience Movement ? How did Gandhiji start it ?

സിവിൽ നിയമങ്ങൾ അനുസരിക്കാതിരിക്കുക എന്നതാണ് നിയമ ലംഘന പ്രസ്ഥാനം കൊണ്ട് ഉദ്ദേശിക്കുന്നത്. ഉപ്പ് നിയമം ലംഘിച്ചുകൊണ്ടാണ് ഗാന്ധിജി ഇതിന് തുടക്കമിട്ടത്.

Civil Disobedience Movement means not obeying the civil rules. Gandhiji started it in India through the violation of Salt law.

5. നിസ്സഹകരണ സമരം ഉയർത്തിയ ആവശ്യങ്ങൾ എന്തൊക്കെ ആയിരുന്നു ?

What were the demands of the Non-co-operation Movement ?

1) ഖാദി പ്രചരിപ്പിക്കുക (promote Khadi )

2) മദ്യം വർജിക്കുക (avoid Liquor)

3) ഹിന്ദി ഭാഷ പ്രചരിപ്പിക്കക (Propagate the Hindi language)

4) വിദേശ വസ്ത്രങ്ങൾ ഉപേക്ഷിക്കുക (boycott foreign clothes)

6. നിസ്സഹകരണ സമരത്തിൽ ആളുകൾ എങ്ങനെയെല്ലാം പങ്കാളികളായി ?

How did people take part in the Non-co-operation Movement ?

ഇന്ത്യൻ നിർമ്മിത വസ്ത്രങ്ങൾ പ്രചരിപ്പിച്ചും വിദേശ നിർമ്മിത ഉത്പന്നങ്ങൾ ബഹിഷ്കരിച്ചും ഹിന്ദി ഭാഷ പ്രചരിപ്പിച്ചും മദ്യം വർജിച്ചുമാണ് ആളുകൾ നിസ്സഹകരണ സമരത്തിൽ പങ്കാളികളായത്.

People took part in the Non-cooperation movement through promoting Indian textiles and boycotting foreign goods. They also promoted Hindi language and organized against the use of liquor .

7. ചമ്പാരനിലെ കർഷകർ വലിയ ദുരിതത്തിലാകാൻ കാരണമെന്ത് ?

Why were the peasants of Champaran in great misery ?

ചമ്പാരനിലെ കർഷകരോട് അവർ കൃഷിചെയ്യുന്ന ഭൂമിയുടെ കുറേഭാഗത്ത് നീലം കൃഷി ചെയ്യുവാനും ബ്രിട്ടീഷുകാരായ തോട്ടമുടമകൾ നിശ്ചയിക്കുന്ന വിലയ്ക്ക് അവ വില്ക്കുവാനും നിർബന്ധിച്ചു. അതിനാലാണ് കർഷകർ ദുരിതത്തിലായത്.

The peasants of Champaran were in great misery because they were forced to cultivate Indigo in most of their land and sell it at a rate fixed by Britishers.

8. സത്യഗ്രഹം എന്നാൽ എന്താണ് അർഥമാക്കുന്നത് ?

What do you mean by Sathyagraha ?

സത്യഗ്രഹം എന്നാൽ സത്യത്തെ മുറുകെപ്പിടിക്കുക എന്നാണ് അർഥം. തെറ്റെന്ന് തോന്നുന്ന ഒന്നിനെയും അംഗീകരിക്കാതിരിക്കുകയും എതിർക്കുകയും വേണം. അക്രമം കാട്ടുകയോ അഹിംസ കൈവെടിയുകയോ ചെയ്യരുത്.

It means holding onto truth and never accept anything evil. oppose it but do not use violence while opposing. Never give up nonviolence.

9. എന്തായിരുന്നു റൗലറ്റ് ആക്ട് ? what was the Roulette act ?

ആരെയും അറസ്റ്റ്ചെയ്ത് വിചാരണ കൂടാതെ എത്രകാലം വേണമെങ്കിലും തടവിൽ വയ്ക്കാൻ സാധിക്കുന്ന നിയമം ബ്രിട്ടീഷുകാർ കൊണ്ടുവന്നു .ഇതാണ് റൗലറ്റ് നിയമം.

The British introduced an Act which gave them power to arrest and imprison anyone they wanted without trial for any length of time.This act was called Roulette act.

10. ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ മുദ്രാവാക്യം ഏതായിരുന്നു ?

What was the slogan used during Quit India Movement ?

പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക ( Do or die )




# നാടിന്റെ നായകർ

## OUR HEROES

- **ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിത്തരാൻ ധീരമായി പോരാടിയ നേതാക്കൾ ആരെല്ലാം?**
  Write the names of leaders who fought for freedom of India ?

  **മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, ഭഗത് സിങ്, സർദാർ വല്ലഭായിപട്ടേൽ, ബാലഗംഗാധരതിലക് , സുഭാഷ്ചന്ദ്രബോസ്, ഗോപാലകൃഷ്ണ ഗോഖലെ , സരോജിനി നായിഡു , ഖാൻ അബ്ദുൾഗാഫർഖാൻ , ഡോ.എസ്.രാജേന്ദ്രപ്രസാദ് , മൗലാനാ അബ്ദുൾക്കലാം ആസാദ് .**

  Gandhiji, Jawaharlal Nehru, Bhagat Singh, Sardar Vallabhai Patel , Balagangadhara Tilak , Subhash chandrabose, Gopalakrishna Gokhale , Sarojini Naidu , Khan Abdul Gaffar Khan , Dr.S Rajendra Prasad, Maulana Abdul Kalam Azad

- **കേരളത്തിലെ പ്രധാന സ്വാതന്ത്ര്യസമര സേനാനികളുടെ പേരെഴുതുക**

  Write the names of freedom fighters from Kerala.

  **കെ.കേളപ്പൻ, റ്റി.കെ.മാധവൻ , എ.കെ.ഗോപാലൻ ,അക്കാമ്മ ചെറിയാൻ ,മുഹമ്മദ് അബ്ദുൾറഹ്മാൻ ,കെ.പി.കേശവമേനോൻ , കുട്ടിമാളു അമ്മ , ജി.പി.പിള്ള**

  K.Kelappan,T.K.Madhavan,A.K.Gopalan ,AkkammaCheriyan ,Muhammad Abdul rahman, K.P.Kesava menon, Kuttimaalu amma, G.P.Pillai

# ഇന്ത്യൻ സ്വാതന്ത്ര്യസമര പോരാളികൾ

## FREEDOM FIGHTERS OF INDIA



മഹാത്മാ ഗാന്ധി



ഡോ.ബി.ആർ.അംബേദ്ക്കർ



സുഭാഷ് ചന്ദ്രബോസ്



ജവഹർലാൽ നെഹ്റു



ഖാൻ അബ്ദുൾഗാഫർ ഖാൻ



സരോജിനി നായിഡു



ഗോപാലകൃഷ്ണ ഗോഖലെ



ഭഗത് സിങ്



ഡോ.രാജേന്ദ്രപ്രസാദ്



മൗലാനാ അബ്ദുൾക്കലാം ആസാദ്



ബാലഗംഗാധര തിലക്



സർദാർ വല്ലഭായി പട്ടേൽ



# കേരളത്തിലെ സ്വാതന്ത്ര്യസമര പോരാളികൾ

## FREEDOM FIGHTERS FROM KERALA
























# നിസ്സഹകരണ സമരം
## NON-COOPERATION MOVEMENT

ജാലിയൻവാലാബാഗിൽ നടന്ന കൂട്ടക്കൊലയ്ക്ക് എതിരെ രാജ്യമെങ്ങും പ്രതിഷേധം ഇരമ്പി . ബ്രിട്ടീഷ് ഗവൺമെന്റുമായി എല്ലാ രീതിയിലും നിസ്സഹകരിക്കാൻ ഗാന്ധിജി ജനങ്ങളോട് ആവശ്യപ്പെട്ടു . ആ ലക്ഷ്യത്തിനുവേണ്ടി നടന്ന സമരമാണ് നിസ്സഹകരണസമരം . ഖാദി പ്രചരിപ്പിക്കുക, വിദേശവസ്ത്രങ്ങൾ ഉപേക്ഷിക്കുക,ഹിന്ദിഭാഷ പ്രചരിപ്പിക്കുക, മദ്യം വർജിക്കുക തുടങ്ങിയ ആശയങ്ങളാണ് നിസ്സഹകരണ സമരത്തിലൂടെ ഉയർത്തിയത്.

Gandhiji called for a countrywide strike after the Jallianwallabagh massacre. He suggested a programme of non-cooperation to protest against the British government. It was known as Non-cooperation Movement. The demands are Promote Khadi,Boycott the foreign clothes,Propagate the Hindi language,Avoid the use of liquor.



# ചൗരി ചൗരാ സംഭവം

## CHAURI CHAURA INCIDENT

1922 ഫെബ്രുവരി 5-ന് ഉത്തർപ്രദേശിലെ ചൗരി ചൗരായിൽ വച്ച് നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന ഒരു ജാഥയിൽ പങ്കെടുത്ത ആളുകൾക്കെതിരെ പൊലീസ് വെടിവെക്കുകയും തുടർന്ന് ജനക്കൂട്ടം പോലീസ് സ്റ്റേഷൻ ആക്രമിച്ച് തീയിട്ടുകയും ചെയ്ത സംഭവമാണ് ചൗരി ചൗരാ സംഭവം എന്ന പേരിൽ ഇന്ത്യൻ ചരിത്രത്തിൽ അറിയപ്പെടുന്നത്. ഈ സംഭവത്തിൽ മൂന്ന് സിവിലിയന്മാരും 22 പോലീസുകാരും കൊല്ലപ്പെട്ടു.

The Chauri Chaura incident took place on 5 February 1922 at Chauri Chaura in the modern Uttar Pradesh in British India, when a large group of protesters participating in the Non-cooperation movement, clashed with police who opened fire. In retaliation the demonstrators attacked and set fire to a police station killing all of its occupants. The incident led to the death of three civilians and 23 policemen



# വാഗൺ ദുരന്തം

## 'WAGON TRAGEDY'

ബ്രിട്ടീഷ് ഭരണത്തിനെതിരെ കേരളത്തിൽ നടന്ന സമരങ്ങളിൽ പ്രധാനപ്പെട്ടതാണ് മലബാർ കലാപം 1921 ൽ നടന്ന ഈ കലാപത്തിൽ പങ്കെടുത്തവരിൽ തൊണ്ണൂറോളം പേരെ ചരക്കുതീവണ്ടിയിൽ കുത്തി നിറച്ച് മലബാറിലെ തിരൂരിൽ നിന്നും കോയമ്പത്തൂരിലേയ്ക്ക് കൊണ്ടുപോയി. പോത്തന്നൂരിലെത്തിയപ്പോഴേക്കും ശ്വാസം കിട്ടാതെ അവരിൽ പകുതിയിലേറെപ്പേർ മരിച്ചിരുന്നു . ഇത് 'വാഗൺ ട്രാജഡി ' എന്നപേരിൽ അറിയപ്പെടുന്നു .

Malabar rebellion is one of the Major agitations against the British rule in Kerala. This rebellion that broke out in 1921 . About 90 rebels were arrested and they were placed inside a goods wagon at Tirur to be taken to Coimbatoor. By the time the train reached Pothannoor about half of the captives lost their lives on account of suffocation. This is known as 'Wagon Tragedy'.



# ജാലിയൻ വാലാബാഗ് കൂട്ടക്കൊല

## JALLIANWALLABAGH MASSACRE

1919 ഏപ്രിൽ 13 ന് പഞ്ചാബിലെ അമൃത്സറിലെ ജാലിയൻവാലാബാഗ് മൈതാനത്ത് ബ്രിട്ടീഷുകാരുടെ ക്രൂരമായ റൗലറ്റ് നിയമത്തിനെതിരെ ഒരു പ്രതിഷേധയോഗം നടക്കുകയായിരുന്നു. ചുറ്റുപാടും കെട്ടിടങ്ങളാൽ ചുറ്റപ്പെട്ട ആ മൈതാനത്തേക്ക് പ്രവേശിക്കാൻ ഒരു വഴി മാത്രമേ ഉണ്ടായിരുന്നുള്ളു. പെട്ടെന്ന്, ജനറൽ ഡയറിന്റെ (കേണൽ റെജിനാൾഡ് എഡ്വേഡ് ഹാരി ഡയർ) നേതൃത്വത്തിലുള്ള ബ്രിട്ടീഷ് പട്ടാളം പ്രവേശനമാർഗം വളയുകയും യോഗത്തിൽ പങ്കെടുത്തവരുടെനേർക്ക് തുടർച്ചയായി വെടിയുതിർക്കുകയും ചെയ്തു. വെടിയേറ്റും, തിക്കിലും തിരക്കിലും പെട്ടും നൂറുക്കണക്കിനാളുകൾക്ക് ജീവൻ നഷ്ടപ്പെട്ടു. അതിലേറെപ്പേർക്ക് മുറിവേറ്റു. ലോകമനഃസാക്ഷിയെ ഞെട്ടിച്ച ഈ സംഭവം, ജാലിയൻവാലാബാഗ് കൂട്ടക്കൊല എന്നപേരിൽ അറിയപ്പെടുന്നു.

The people of Punjab had gathered in large numbers on 13th April 1919 at Jallianwallabagh in Amritsar to protest against the Rowlatt Act. - It was an open ground enclosed by huge buildings with only one entrance.The British military commander blocked the entrance with his army and started to fire. Hundreds of people lost their lives either in the firing or in the rush. It was known as Jallianwallabagh Massacre



# ഉപ്പുസത്യഗ്രഹം
## SALT SATYAGRAHA

ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ പ്രധാന സംഭവങ്ങളിലൊന്നാണ് ഉപ്പുസത്യഗ്രഹം . എല്ലാ ജനങ്ങൾക്കും ആവശ്യമായ ഉപ്പിന് ബ്രിട്ടീഷുകാർ നികുതി ഏർപ്പെടുത്തി . നികുതി കൊടുക്കാതെ ഉപ്പ് കുറക്കാൻ ജനങ്ങൾക്ക് കഴിയാതെയായി . നിയമം ലംഘിച്ചാൽ ജയിൽ ശിക്ഷയായിരുന്നു നൽകിയിരുന്നത് . ഉപ്പിന് ഏർപ്പെടുത്തിയ നികുതി പിൻവലിച്ചില്ലെങ്കിൽ നിയമലംഘനം നടത്താൻ ഗാന്ധിജി തീരുമാനിച്ചു. 1930 മാർച്ച് 12 ന് സബർമതി ആശ്രമത്തിൽനിന്ന് ദണ്ഡി കടപ്പുറത്തേക്ക് ഗാന്ധിജിയുടെ നേതൃത്വത്തിൽ ഒരു യാത്ര ആരംഭിച്ചു നിയമം ലംഘിച്ച് ഗാന്ധിജിയും കൂട്ടരും ഉപ്പ് കുറുക്കി . ബ്രിട്ടിഷ് ഭരണത്തിനുകീഴിലെ ജനദ്രോഹ നടപടികൾക്കെതിരായുള്ള ശക്തമായ പ്രതിഷേധമായിരുന്നു ഉപ്പുസത്യഗ്രഹം

Salt Satyagraha is one of the important incident during the India's freedom struggle. During the British rule in India the British Government imposed heavy tax on salt. It was an essential food item in our daily life. Indians violated the salt law and they were imprisoned. Hence, Gandhiji decided to break the salt law and thus break the civil law. When people realized the importance of breaking the salt law; it became an important tool for raising patriotism against the British.



# ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം

## QUIT INDIA MOVEMENT

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അന്തിമസമരത്തിന് ആഹ്വാനം ചെയ്തുകൊണ്ടുള്ള സമരമായിരുന്നു ക്വിറ്റ് ഇന്ത്യാസമരം . ബ്രിട്ടീഷുകാരിൽ നിന്ന് ഇന്ത്യയെ മോചിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം . ക്വിറ്റ്ഇന്ത്യ ( ഇന്ത്യ വിടുക) എന്ന മുദ്രാവാക്യം സമരത്തിന് വലിയ ആവേശം നല്കി." പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" എന്ന ഗാന്ധിജിയുടെ ആഹ്വാനം ജനങ്ങൾ ഏറ്റെടുത്തു . 1942 ൽ ബോംബെയിൽ നടന്ന കോൺഗ്രസ് സമ്മേളനത്തിലാണ് ഇതു സംബന്ധിച്ച് പ്രഖ്യാപനം ജവഹർലാൽ നെഹ്റു അവതരിപ്പിച്ചത് . ക്വിറ്റ് ഇന്ത്യാസമരത്തിന്റെ ഓർമ്മയ്ക്കായി വർഷം തോറും ആഗസ്റ്റ് 9 നാം ക്വിറ്റ് ഇന്ത്യാദിനമായി ആചരിക്കുന്നു.

There was a countrywide agitation against the British rule in India In August , 1942 , the congress passed the ' Quit India ' resolution at the congress session held at Mumbai . Gandhiji raised the " Do or Die " slogan by which he meant that either free India or die in the attempt. There were mass strikes led by students , workers and peasants , which became violent . Several leaders and others sacrificed their life during this attempt . We observe August 9 as ' Quit India Day '



# മഹാത്മാ ഗാന്ധി

1869 ഒക്ടോബർ രണ്ടിന് ഗുജറാത്തിലെ പോർബന്തറിൽ കരംചന്ദ് ഗാന്ധിയുടെയും പുതലീബായി യുടെയും മകനായി ജനിച്ചു . മോഹൻദാസ് കരംചന്ദ് ഗാന്ധി എന്നാണു മുഴുവൻ പേര് . കസ്തൂർബാ ഗാന്ധി യാണ് ഭാര്യ .സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഇംഗ്ലണ്ടിൽ നിയമപഠനവും തുടർന്ന് ദക്ഷിണാഫ്രിക്ക യിൽ വക്കീൽ ജോലി നോക്കുകയും ചെയ്തു . 1915 ജനുവരി ഒമ്പതിന് ഗാന്ധിജി ഇന്ത്യയിലേക്കു മടങ്ങിയെത്തി. തന്റെ രാഷ്ട്രീയ ഗുരുവായ ഗോപാലകൃഷ്ണ ഗോഖലയുടെ ഉപദേശ പ്രകാരം ഇന്ത്യയിലെങ്ങും സഞ്ചരിച്ച് ജനങ്ങളുടെ പ്രശ്നങ്ങൾ പഠിച്ചു. 1917 ലെ ചമ്പാരൻ സത്യഗ്രഹ മായിരുന്നു ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യ സത്യഗ്രഹം . അഹിംസയിലൂന്നിയതും അക്രമ രഹിതവുമായിരുന്നു അദ്ദേഹത്തിന്റെ സമരങ്ങൾ. ജയിൽവാസക്കാലത്താണ് അദ്ദേഹം തന്റെ ആത്മകഥയായ ' എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ ' എഴുതിയത് . 1930 ൽ ഉപ്പുനിയമത്തിനെതിരെ ആരംഭിച്ച അക്രമരഹിത സത്യഗ്രഹമായിരുന്നു ഉപ്പ് സത്യഗ്രഹം . 1942 ൽ അദ്ദേഹം കിറ്റ് ഇന്ത്യ സമരത്തിന് തുടക്കമിട്ടു . 1947 ന് അർധരാത്രി 12 മണിക്ക് ഇന്ത്യ സ്വാതന്ത്ര്യയായി പ്രഖ്യാപിക്കപ്പെട്ടു . 1948 ജനുവരി 30 ന് നാഥുറാം വിനായക് ഗോഡ്സെയുടെ വെടി യേറ്റ് അദ്ദേഹം മരിച്ചു വീണു . ജനുവരി 31 ന് അ ദ്ദേഹ ത്തിന്റെ ഭൗതികശരീരം രാജ്ഘട്ടിൽ സംസ്കരിച്ചു . ഈ മഹാത്മാവിനെ " രാഷ്ട്രപിതാവെന്ന് "ആദ്യം വിളിച്ചത് നേതാജി സുഭാഷ് ചന്ദ്രബോസ് ആയിരുന്നു .



ഗാന്ധിയൻ ആശയത്തോടുള്ള ബഹുമാനാർഥം ഒക്ടോബർ രണ്ട് ഗാന്ധിജയന്തി ഐക്യരാഷ്ട്രസഭ അന്താരാഷ്ട്ര അഹിംസ ദിനമായി പ്രഖ്യാപിച്ചു

# MAHATHMA GANDHI



He was born on October 2, 1869, in Porbandar, Gujarat , as the son of Karamchand Gandhi and Puthalibai . His full name was Mohandas Karamchand Gandhi. His wife was Kasturba gandhi. After completing school education he studied law in England and then worked as a lawyer in South Africa. Gandhiji returned to India on January 9, 1915 . On the advice of his political guru Gopala krishna Gokhala, he travelled all over India to study the problems of the people. The Champaran Satyagraha of 1917 was Gandhiji's first satyagraha in India. His struggles were based on non- violence. During his days in Jail he wrote his autobiography'My Experiments with Truth'. The Salt Satyagraha was a non-violent Satyagraha started in 1930 against the Salt Law. In 1942, he started the Quit India Movement . India became independent at 12 midnight in 1947. He was shot dead by Nathuram Vinayak Godse on January 30, 1948 and his body was buried at Raj Ghat on January 31. Netaji Subhash Chandra Bose was the first to call this great man the "Father of the Nation".October 2 Gandhi Jayanti declared International Non-Violence Day by the United Nations

# കുറിപ്പ് തയാറാക്കുക

## WRITE A SHORT NOTE

### ചമ്പാരൻ സത്യഗ്രഹം

ബീഹാറിലെ ചമ്പാരനിലെ കർഷകരുടെ പ്രയാസങ്ങൾ പരിഹരിക്കാൻ ഗാന്ധിജിയുടെ നേതൃത്വത്തിൽ 1917 ൽ നടന്ന സമരമാണ് ചമ്പാരൻ സമരം. ഗ്രാമത്തിലെ കർഷകരോട് തൊട്ടമുടമകളായ ബ്രിട്ടീഷുകാർ  അവർ കൃഷിചെയ്യുന്ന ഭൂമിയുടെ കുറേഭാഗത്ത് നീലം കൃഷി  ചെയ്യുവാനും ബ്രിട്ടീഷുകാരായ തോട്ടമുടമകൾ നിശ്ചയിക്കുന്ന വിലയ്ക്ക് അവ വില്ക്കുവാനും നിർബന്ധിച്ചു. അതോടെ കർഷകർ വലിയ കടക്കെണിയിലകപ്പെട്ടു. ഇതറിഞ്ഞ ഗാന്ധിജി സമരത്തിൽ ഇടപെടുകയും സത്യഗ്രഹ സമരത്തി ലൂടെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തു .

### THE CHAMPARAN SATYAGRAHA

The Champaran Satyagraha was organized in 1917 under the leadership of Gandhiji to solve the problems of the farmers of Champaran in Bihar. The British, the landowners, forced the village farmers to cultivate indigo on most of the land they were cultivating and to sell it at a price set by the British landlords.  As a result, the farmers fell into a huge debt trap. Knowing this, Gandhiji intervened in the agitation and solved the problems of the farmers through the Satyagraha agitation

### ഖേഡാ സത്യഗ്രഹം

1918 ൽ ഗുജറാത്തിലെ ഖേഡാ ജില്ലയിൽകൃഷി നശിച്ചു . എന്നാൽ ഭൂനികുതിയിൽ ഇളവ് നൽകാതെ മുഴുവൻ തുകയും അടയ്ക്കണമെന്ന് ഗവൺമെന്റ് നിർബന്ധിച്ചു . നികുതിയിളവ് നൽകുന്നതുവരെ നികുതി നൽകരുതെന്ന് ഗാന്ധിജി കർഷകരോട് നിർദേശിച്ചു . തുടർന്നുണ്ടായ സമരത്തിൽ നികുതി നൽകാൻ കഴിവുള്ള കർഷകരിൽനിന്നേ അത് വസൂലാക്കാവൂ എന്ന ഗവൺമെന്റ് ഉത്തര വിനെത്തുടർന്ന് സമരം പിൻവലിച്ചു.

### KHEDA SATYAGRAHA

In 1918, agriculture was destroyed in Kheda district of Gujarat.  But the government insisted on paying the full amount without giving a land tax deduction.  Gandhiji advised the farmers not to pay tax till the tax relief is given.  The strike was called off following a government order to collect taxes from farmers who were able to pay their taxes

## അഹമ്മദാബാദ് തുണിമിൽ സമരം

1918 ൽ അഹമ്മദാബാദിലെ മില്ലുടമകളും തൊഴിലാളികളും തമ്മിലുള്ള തർക്കത്തിൽ ഗാന്ധിജി ഇടപെട്ടു . 35 ശതമാനം വേതനവർധനവ് ആവശ്യപ്പെടാൻ ഗാന്ധിജി നിർദേശിച്ചു. തൊഴിലാളികളുടെ സമരത്തെ ശക്തിപ്പെടുത്താൻ മരണം വരെയുള്ള നിരാഹാരസമരം അദ്ദേഹം ആരംഭിച്ചു . ഇത് മില്ലുടമകളെ സമ്മർദത്തിലാക്കുകയും നാലാം ദിവസം തൊഴിലാളികൾക്ക് 35 ശതമാനം വേതന വർധനവ് നൽകാൻ സമ്മതിക്കുകയും ചെയ്തു .

## AHMEDABAD TEXTILE MILLS STRIKE

In 1918, Gandhiji intervened in a dispute between mill owners and workers in Ahmedabad. Gandhiji proposed a 35 per cent pay hike. He started a hunger strike till death to strengthen the workers' struggle. This put pressure on the mill owners and agreed to give the workers a 35 per cent pay rise on the fourth day.


തയ്യാറാക്കിയത്

രാഹുൽ .റ്റി

ഗവ.എൽ.പി.സ്കൂൾ ,ഒളശ്ശ,കോട്ടയം

9495809114


Touch or scan here

For
FLIP NOTE BOOK

